

## സെന്റ് ജെയിംസ് അഡോറേഷൻ കോൺവെന്റ് ചിലവ്

സ്ഥാപനം : 1958

വിദ്യാഭ്യാസരംഗത്ത് സിസ്റ്റേഴ്സിന്റെ സാന്നിധ്യം ഉപകാരപ്രദമെന്ന് തോന്നിയ ഇടവകക്കാരുടെ ക്ഷണപ്രകാരം 1953 മുതൽ കലയന്താനി മഠത്തിൽ നിന്ന് സിസ്റ്റേഴ്സ് നടന്നുപോയി അവിടെ സ്ക്കൂളിൽ പഠിപ്പിക്കാൻ തുടങ്ങി. 1957-ൽ വാരികാട്ട് കുഞ്ഞുമാണി ദാനമായി നല്കിയ 15 സെന്റ് സ്ഥലത്ത് പഴയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു കൊച്ചു വീട്ടിൽ സിസ്റ്റേഴ്സ് താമസമാരംഭിച്ചു. വാരികാട്ട് കുടുംബക്കാർ പത്രമേനി ഇനത്തിലും, ദാനം നല്കിയ ഇനത്തിലും, വിലകൊടുത്ത് വാങ്ങിയ ഇനത്തിലുമായി ഇപ്പോൾ 9 ഏക്കർ സ്ഥലം മഠത്തിന് സ്വന്തമായിട്ടുണ്ട്. 1988-ൽ പുതിയ മഠം പണിത് അവിടെ താമസമാക്കി. സിസ്റ്റേഴ്സിന്റെ നിസ്തുലസേവനം ഇടവകയുടെ സമഗ്രവളർച്ചയ്ക്ക് ഒത്തിരി സഹായിച്ചു.